# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജൂലൈ 12<br>JULY 12 | 2018 |
|---|---|

*1193 മിഥുനം 27 വ്യാഴം*

# പത്രക്കുറിപ്പ്

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

**എൻട്രൻസ് പരിശീലനം**

പട്ടികജാതി വികസന വകുപ്പ് പ്ലസ് വൺ സയൻസിന് പഠിക്കുന്ന പട്ടികജാതി വിദ്യാർഥികൾക്ക് മെഡിക്കൽ/എൻജിനീയറിംഗ് എൻട്രൻസ് പരിശീലനം നൽകുന്നു. കഴിഞ്ഞ മാർച്ചിൽ നടന്ന എസ്എസ്എൽസി പരീക്ഷയിൽ ബി പ്ലസിൽ കുറയാത്ത ഗ്രേഡ് നേടി 2018-19 വർഷം പ്ലസ് വൺ സയൻസ് ഗ്രൂപ്പെടുത്ത് പഠിക്കുന്നവർക്ക് അപേക്ഷിക്കാം. കുടുംബവാർഷിക വരുമാനം 4.5 ലക്ഷം രൂപയിൽ അധികരിക്കുവാൻ പാടില്ല. പ്ലസ് വൺ, പ്ലസ് ടു പഠനത്തോടൊപ്പം പ്രമുഖ കോച്ചിംഗ് സെന്ററുകൾ വഴി രണ്ട് വർഷം ദൈർഘ്യമേറിയ മെഡിക്കൽ/എൻജിനീയറിംഗ് എൻട്രൻസ് പരിശീലനമാണ് നൽകുന്നത്. നിശ്ചിത മാതൃക യിലുള്ള അപേക്ഷ, ജാതി, രക്ഷകർത്താവിന്റെ കുടുംബവാർഷിക വരുമാനം, എസ്എസ്എൽസി മാർക്ക് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, പ്ലസ് വൺന് പഠിക്കുന്ന സ്ഥാപനത്തിലെ പ്രിൻസിപ്പലിൽ നിന്നും ആ സ്ഥാപനത്തിലെ സയൻസ് ഗ്രൂപ്പ് വിദ്യാർഥിയാണെന്ന സർട്ടിഫിക്കറ്റ് സഹിതം ഈ മാസം 31നകം പത്തനംതിട്ട മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ജില്ലാ പട്ടികജാതി വികസന ഓഫിസിൽ സമർപ്പിക്കണം. കൂടുതൽ വിവരം ജില്ലാ-ബ്ലോക്ക്-മുനിസിപ്പൽ പട്ടികജാതി വികസന ഓഫീസുകളിൽ ലഭിക്കും. (പിഎൻപി 1888/18)

## ഐഎച്ച്ആർഡിയിൽ ബിരുദാനന്തര ബിരുദ പ്രവേശനം

ഐഎച്ച്ആർഡിയുടെ കീഴിൽ എം.ജി.സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള കട്ടപ്പന, മല്ലപ്പള്ളി, പീരുമേട്, പുതുപ്പള്ളി, തൊടുപുഴ എന്നീ അപ്ലൈഡ് സയൻസ് കോളേജുകളിൽ 2018-19 അധ്യയന വർഷം ബിരുദാനന്തര ബിരുദ കോഴ്സുകളിൽ കോളേജുകൾക്ക് അനുവദിച്ച 50 ശതമാനം സീറ്റുകളിൽ പ്രവേശനത്തിന് അപേക്ഷിക്കാം. അപേക്ഷാഫോറവും പ്രോസ്പെക്ടസും ഐഎച്ച്ആർഡിയുടെ വെബ്സൈറ്റിൽ (www.ihrd.ac.in) ലഭ്യമാണ്. അപേക്ഷ പ്രവേശനം ആഗ്രഹിക്കുന്ന കോളേജിലെ പ്രിൻസിപ്പാളിന്റെ പേരിൽ രജിസ്ട്രേഷൻ ഫീസായി മാറാവുന്ന 400 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം (പട്ടികജാതി-പട്ടികവർഗ വിഭാഗക്കാർക്ക് 150 രൂപ) ബന്ധപ്പെട്ട കോളേജുകളിൽ നൽകണം. തുക കോളേജുകളിൽ നേരിട്ടും അടയ്ക്കാം. കൂടുതൽ വിവരം അതത് കോളേജുകളിൽ ലഭിക്കും. (പിഎൻപി 1889/18)

## ഗൃഹചൈതന്യം പദ്ധതി

സംസ്ഥാന ആയുഷ് വകുപ്പും ഔഷധ സസ്യബോർഡും തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്ന് കേരളപ്പിറവി ദിനത്തിൽ എല്ലാ വീടുകളിലും ആര്യവേപ്പ്, കറിവേപ്പ് തൈകൾ നട്ട് പരിപാലിക്കുന്നതിന് ഗൃഹചൈതന്യം എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചു. ജില്ലയിൽ ഇലന്തൂ ർ, കോയിപ്രം, മല്ലപ്പള്ളി, പുളിക്കീഴ് ബ്ലോക്കുകളിൽപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിലാണ് ആദ്യഘട്ടത്തിൽ പദ്ധതി നടപ്പാക്കുക. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട പരിശീലന പരിപാടി ഈ മാസം 17ന് രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒന്ന് വരെ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി പരിശീലനം ഉദ്ഘാടനം ചെയ്യും. (പിഎൻപി 1890/18)

## വള്ളസദ്യ ജൂലൈ 15ന് ആരംഭിക്കും

ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിലെ വഴിപാട് വള്ളസദ്യകൾ ജൂലൈ 15 മുതൽ ഒക്ടോബർ രണ്ട് വരെ നടക്കും. വള്ളസദ്യ വഴിപാടുകളുടെ ബുക്കിംഗ് ഇതിനോടകം 325 കവിഞ്ഞു. ഈ വർഷവും വള്ളസദ്യ ക്രമീകരിക്കുന്നത് ഏകജാലക സംവിധാനത്തിൽ പാക്കേജുകളായിട്ടാണ്. ഒരു വള്ളസദ്യ നടത്തുന്നതിന് കുറഞ്ഞത് 250 പേർക്ക് 65000 രൂപയും കൂടുതലായി വരുന്ന ഓരോ 50 പേർക്ക് 6500 രൂപ നിരക്കിലുമായിരിക്കും. ഇതിൽ ക്ഷേത്രത്തിനുള്ളിൽ സമർപ്പിക്കുന്ന നെൽപറ, തെങ്ങിൻ പൂക്കുല ഉൾപ്പടെ വെച്ചൊരുക്ക്, നാഗസ്വരം, സ്വീകരണം, മാല-പൂവ്, മുത്തുക്കുട, ഓഡിറ്റോറിയം/പന്തൽ വാടക, സദ്യയുടെ തുക തുടങ്ങി എല്ലാ ചിലവുകളും അടങ്ങിയിരിക്കും. വഴിപാട് നടത്തുന്ന ഭക്തൻ കരകൾക്ക് നൽകുന്ന ദക്ഷിണ ഒഴിച്ചുള്ള എല്ലാ ചിലവുകളും പാക്കേജ് തുകയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ദക്ഷിണ ഭക്തൻ തന്നെ പറ തളിച്ചതിന് ശേഷം കരനാഥന്മാർക്ക് സമർപ്പിക്കേണ്ടതാണ്. മറ്റൊരു ദക്ഷിണയും അനുവദിക്കുന്നതല്ല.

ഈ വർഷത്തെ വള്ളസദ്യകൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് എ പത്മകുമാർ ഉത്ഘാടനം ചെയ്യും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണ്ണദേവി, ജില്ലാ കളക്ടർ പി.ബി.നൂഹ്, ജില്ലാ പോലീസ് മേധാവി റ്റി. നാരായണൻ, തിരുവിതാംകൂർ ദേവസ്വം ബോർഡ് മെമ്പർമാരായ കെ. രാഘവൻ, കെ.പി. ശങ്കർദാസ്, ദേവസ്വം കമ്മീഷണർ എൻ. വാസു, എൻ.എസ്.എസ്. പ്രസിഡന്റ് അഡ്വ. പി.എൻ. നരേന്ദ്രനാഥൻ നായർ തുടങ്ങിയവർ പങ്കെടുക്കും.

വള്ളസദ്യ വഴിപാടുകൾ മികച്ച രീതിയിൽ നടത്തുന്നതിന് പള്ളിയോടസേവാസംഘം വിപുലമായ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്. വള്ളസദ്യ പന്തലുകളിൽ വേണ്ട നിയന്ത്രണം നടത്തുന്നതിന് ഓരോ കരയ്ക്കും അഞ്ചു ബാഡ്ജുകൾ വീതം നൽകും.

കരനാഥന്മാർ ഇവ ധരിച്ച് കൊണ്ട് തിരക്ക് നിയന്ത്രിച്ച് വഴിപാടുകാരേയും പള്ളിയോടത്തിൽ വരുന്നവരേയും പന്തലിൽ പ്രവേശിപ്പിക്കും. കൂടാതെ പ്രതിനിധികൾ അതാത് കരകളുടെ സദ്യപന്തലുകളിൽ ഉണ്ടായിരിക്കും. കരകളുടെയും കരനാഥന്മാരുടേയും സഹകരണം ഉറപ്പിക്കുവാൻ മൂന്നുമേഖലകളിലും മേഖല സമ്മേളനങ്ങൾ വിളിച്ചു ചേർത്ത് അവരുടെ അഭിപ്രായം ആരായുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

ആറന്മുള വള്ളസദ്യയിൽ ഈ വർഷം ഗ്രീൻ പ്രോട്ടോക്കോൾ പൂർണമായും പാലിക്കും. പ്ലാസ്റ്റിക് പൂർണമായും ഒഴിവാക്കി പേപ്പർ ഗ്ലാസ്സുകൾക്ക് പകരം സ്റ്റീൽ ഗ്ലാസ്സുകൾ ഉപയോഗിക്കും. വള്ളസദ്യ വഴിപാടുകൾ ആചാരങ്ങൾ പാലിച്ചുകൊണ്ട് നടത്തുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡും വേണ്ട ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിൽ രണ്ട് ഊട്ടുപുരകൾ കൂടാതെ 200 പേർക്ക് ഇരിക്കാവുന്ന എട്ട് പന്തലുകൾ ക്രമീകരിക്കും. വള്ളസദ്യയുടെ നടത്തിപ്പിന് മേൽനോട്ടം വഹിക്കുന്നതിനായി തിരുവിതാംകൂർ ദേവസ്വം ബോർഡും പള്ളിയോടസേവാസംഘവും ഭക്തജന പ്രതിനിധികളും അടങ്ങുന്ന നിർവ്വഹണ സമിതി രൂപീകരിച്ചിട്ടുണ്ട്.

പാചകത്തിൽ ഉപയോഗിക്കുന്ന വസ്തുക്കൾ ഗുണനിലവാരമുള്ളതാണെന്ന് ഉറപ്പ് വരുത്തുന്നതിനും വൃത്തിയുള്ള അന്തരീക്ഷത്തിൽ പാചകം ചെയ്യുന്നു എന്ന് ഉറപ്പു വരുത്തുന്നതിനും ഫുഡ് കമ്മറ്റിയുടെയും വള്ളസദ്യ നിർവ്വഹണ സമിതിയുടെയും നേതൃത്വത്തിൽ പാചകശാലകളിൽ പരിശോധന നടത്തും. ഈ വർഷത്തെ ഫുഡ് കമ്മറ്റി കൺവീനറായി സുരേഷ്കുമാർ ജി പുതുക്കുളങ്ങരെയും ജോയിന്റ് കൺവീനറായി വി.കെ. ചന്ദ്രൻ പിള്ളയേയും (ഇടനാട്) കിഴക്കൻ മേഖല കൺവീനറായി പി.ആർ.വിശ്വനാഥൻ നായരേയും (ഇടക്കുളം) മദ്ധ്യമേഖല കൺവീനറായി ഡി. രാജശേഖരൻ നായരേയും (ഇടയാറന്മുള) പടിഞ്ഞാറൻമേഖല കൺവീനറായി കെ. എസ്. ഹരികുമാറിനേയും (പ്രയാർ) തെരഞ്ഞെടുത്തു.

**ജൂലൈ 14ന് അടുപ്പിൽ അഗ്നി പകരും**

ഈ വർഷത്തെ വള്ളസദ്യയ്ക്ക് തുടക്കം കുറിക്കുന്നതിനായി ആറന്മുള പാർത്ഥസാരഥി ക്ഷേത്ര ശ്രീകോവിലിലെ കെടാവിളക്കിൽ നിന്നും മേൽശാന്തി പകർന്നു നൽകുന്ന അഗ്നി ഈ മാസം 14ന് രാവിലെ 8.20 നും 8.50 നും മധ്യേ ഊട്ടുപുരയിലെ നിലവിളക്കിൽ പള്ളിയോടസേവാസംഘം പ്രസിഡന്റ് ബി. കൃഷ്ണകുമാർ കൃഷ്ണവേണി പകരുന്നതും അതിന് ശേഷം പ്രധാന അടുപ്പിൽ അഗ്നി പകരുന്നതുമാണ്.

ആറന്മുളയിലെ ഓണാഘോഷത്തിന് തുടക്കം കുറിച്ചുകൊണ്ട് ജൂലൈ 15 മുതൽ വള്ളസദ്യ വഴിപാടുകൾ നടക്കും. അന്ന് മുതലുള്ള 80 ദിവസം ആറന്മുളയുടെ ഉത്സവ കാലമാണ്. വഞ്ചിപ്പാട്ടിന്റേയും വഞ്ചി തുഴച്ചിലിന്റേയും താളങ്ങൾ പമ്പയിൽ എങ്ങും ഉയരുന്ന 80 ദിവസത്തെ ഉത്സവകാലത്തെ വരവേൽക്കാൻ 52 കരകളിലും തയ്യാറെടുപ്പുകൾ പൂർത്തിയായിവരുന്നു.

**ഉതൃട്ടാതി ജലോത്സവം**

ചരിത്രപ്രസിദ്ധമായ ആറന്മുള ഉതൃട്ടാതി ജലോത്സവം ആഗസ്റ്റ് 29ന് നടക്കും. ഉപരാഷ്ട്രപതി എം.വെങ്കയ്യനായിഡു ഉദ്ഘാടനം ചെയ്യും. കേന്ദ്ര ടൂറിസം മന്ത്രി അൽഫോൺസ് കണ്ണന്താനം, ധനകാര്യമന്ത്രി ഡോ. റ്റി.എം. തോമസ് ഐസക്, ജലവിഭവവകുപ്പ് മന്ത്രി മാത്യു റ്റി.തോമസ്, ടൂറിസം ദേവസ്വം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ, എം.പി.മാർ, എം.എൽ.എ.മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ്, എൻ.എസ്.എസ്. പ്രസിഡന്റ് തുടങ്ങിയവർ പങ്കെടുക്കും. ഈ വർഷത്തെ ജലോത്സവത്തിൽ എ ബാച്ചിൽ 35ഉം ബി ബാച്ചിൽ 17ഉം ഉൾപ്പെടെ 52 പള്ളിയോടങ്ങളാണ് പങ്കെടുക്കുന്നത്.

**തിരുവോണത്തോണി**

തിരുവോണത്തോണിയുടെയും അറിയിപ്പുതോണിയുടെയും യാത്ര സുഗമമായി ക്രമീകരിക്കുന്നതിന് പള്ളിയോടസേവാസംഘം ഈ വര്‍ഷം മുതല്‍ ഒരു സബ് കമ്മറ്റി രൂപീകരിച്ച് കണ്‍വീനറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സുരക്ഷയ്ക്കായി ബോട്ട്, യമഹവള്ളം എന്നിവ ഏര്‍പ്പെടുത്തും. തിരുവോണത്തോണിക്ക് അകമ്പടി സേവിക്കുന്നതിന് കാട്ടൂര്‍ മഹാവിഷ്ണുക്ഷേത്രക്കടവില്‍ എത്തുന്ന പള്ളിയോടങ്ങള്‍ക്ക് ഈ വര്‍ഷം മുതല്‍ ആയിരം രൂപ വീതം ഗ്രാന്റ് നല്‍കും.

**സാമൂഹികസേവന പദ്ധതി – വിദ്യാഭ്യാസ ധനസഹായം നല്‍കുന്നു.**

പള്ളിയോട സേവാ സംഘം 52 പള്ളിയോട കരകളിലെ സാമ്പത്തികമായി പിന്നോക്കം നില്‍ക്കുന്ന ഓരോ കുട്ടിക്ക് 3000 വീതം വിദ്യാഭ്യാസ ധനസഹായം നല്‍കും. ജൂലൈ 15 ന് ഉച്ചയ്ക്ക് രണ്ടിന് ആറന്മുള എന്‍.എസ്.എസ്. ഗസ്റ്റ് ഹൗസില്‍ കൂടുന്ന കരനാഥന്മാരുള്‍പ്പടെ ഉള്ളവര്‍ പങ്കെടുക്കുന്ന സംയുക്ത പൊതുയോഗത്തില്‍ വിദ്യാഭ്യാസ ധനസഹായവും കരകള്‍ക്കുള്ള അഡ്വാന്‍സ് ഗ്രാന്റും വിതരണം ചെയ്യും.

**അഷ്ടമിരോഹിണി വള്ളസദ്യ**

ആഗസ്റ്റ് രണ്ടിന് നടക്കുന്ന ലോകത്തിലെ ഏറ്റവും വലിയ വള്ളസദ്യയില്‍ 52 പള്ളിയോടങ്ങളില്‍ എത്തുന്നവര്‍ ഉള്‍പ്പടെ ഒരു ലക്ഷം പേര്‍ പങ്കെടുക്കുമെന്ന് കരുതുന്നു. അഷ്ടമിരോഹിണി ദിവസം ഒരു പള്ളിയോടത്തിനു വള്ളസദ്യ നടത്തുന്നതിന് 10000 രൂപയുടെ കൂപ്പണുകളാണ് തിരുവിതാംകൂര്‍ ദേവസ്വം ബോര്‍ഡ് അംഗീകരിച്ചു നല്‍കിയിട്ടുള്ളത്. ഒരു വള്ളസദ്യ നടത്തുന്നവര്‍ക്ക് 15 സദ്യ കൂപ്പണുകള്‍ നല്‍കും. അഷ്ടമിരോഹിണി വള്ളസദ്യയുടെ കൂപ്പണ്‍ വിതരണോത്ഘാടനം ഈ മാസം 19ന് ഉച്ചയ്ക്ക് 11.30ന് ആറന്മുള ശ്രീ പാര്‍ത്ഥസാരഥി ക്ഷേത്രാങ്കണത്തില്‍ നടക്കും.

**ഇന്‍ഷുറന്‍സ് പരിരക്ഷ ഏര്‍പ്പെടുത്തും**

80 ദിവസം നീണ്ടു നില്‍ക്കുന്ന വള്ളസദ്യ കാലയളവില്‍ പള്ളിയോടത്തില്‍ എത്തുന്നവര്‍ക്ക് ഇന്‍ഷുറന്‍സ് പരിരക്ഷ ഏര്‍പ്പെടുത്തിയിട്ടുണ്ട്. അപകടത്തില്‍ പരിക്ക് പറ്റുന്നവര്‍ക്ക് 50000 രൂപയും മരണമടയുന്നവരുടെ ആശ്രിതര്‍ക്ക് അഞ്ച് ലക്ഷം രൂപയും നല്‍കുന്നതിനുള്ള ഇന്‍ഷുറന്‍സ് പരിരക്ഷയാണ് ഏര്‍പ്പെടുത്തിയിരിക്കുന്നത്. ഈ കാലയളവില്‍ പള്ളിയോട സേവാസംഘം പ്രതിനിധികള്‍ക്ക് ഉണ്ടാകുന്ന അപകടങ്ങള്‍ക്കും 50000 രൂപയുടെ ഇന്‍ഷുറന്‍സ് പരിരക്ഷ ഏര്‍പ്പെടുത്തിയിട്ടുണ്ട്.

**വള്ളസദ്യയ്ക്ക് സ്പെഷ്യല്‍ പാസ്**

വള്ളസദ്യ നടത്തുന്നവര്‍ക്കും അവര്‍ ക്ഷണിക്കുന്നവര്‍ക്കും ബന്ധപ്പെട്ട കരക്കാര്‍ക്കും മാത്രമാണ് വള്ളസദ്യ വഴിപാടില്‍ പങ്കെടുക്കുവാന്‍ അവസരം ലഭിക്കുന്നത്. ഈ അവസരം ലഭിക്കാത്തവര്‍ക്കായി പള്ളിയോട സേവാസംഘം ആറന്മുള പാഞ്ചജന്യം ഓഡിറ്റോറിയത്തില്‍ സ്പെഷ്യല്‍ പാസിലൂടെ വള്ളസദ്യ നല്‍കും. ആഗസ്റ്റ് നാല് മുതല്‍ ശനി, ഞായര്‍ ദിവസങ്ങളിലും പൊതു ഒഴിവ് ദിവസങ്ങളിലും സ്പെഷ്യല്‍ പാസിലൂടെ സദ്യ കഴിക്കുന്നതിനുള്ള ക്രമീകരണം ഏര്‍പ്പെടുത്തിയിട്ടുണ്ട്. ഒരാള്‍ക്ക് 150 രൂപയാണ് ഈടാക്കുന്നത്. ഇതിനായി പള്ളിയോടസേവാസംഘവുമായി ബന്ധപ്പെട്ട് മൂന്ന് ദിവസം മുമ്പെങ്കിലും ബുക്ക് ചെയ്ത് പണം അടയ്ക്കണം. (പിഎന്‍പി 1891/18

## പട്ടികവര്‍ഗ വിഭാഗത്തില്‍പ്പെട്ടവര്‍ക്ക് വായ്പ

ദേശീയ പട്ടിക വര്‍ഗ ധനകാര്യ വികസന കോര്‍പ്പറേഷന്റെ സഹായത്തോടെ കേരള സംസ്ഥാന പട്ടികജാതി വര്‍ഗ വികസന കോര്‍പ്പറേഷന്‍ ജില്ലയിലെ പട്ടികവര്‍ഗ വിഭാഗത്തില്‍പ്പെട്ട തൊഴില്‍ രഹിതരില്‍ നിന്നും വസ്തു/ഉദ്യോഗസ്ഥ ജാമ്യവ്യവസ്ഥയില്‍ വിവാഹം, സ്വയംതൊഴില്‍, ഓട്ടോറിക്ഷ വായ്പകള്‍ക്ക് അപേക്ഷ ക്ഷണിച്ചു. കുടുംബ

വാർഷിക വരുമാനം ഗ്രാമപ്രദേശങ്ങളിൽ 98,000 രൂപയിലും നഗരപ്രദേശങ്ങളിൽ 120000 രൂപയിലും കവിയാൻ പാടില്ല. പ്രായം 18നും 55നും മധ്യേ. ഓട്ടോറിക്ഷ വായ്പയ്ക്ക് അപേക്ഷിക്കുന്നവർക്ക് ലൈസൻസും ബാഡ്ജും ഉണ്ടായിരിക്കണം. അപേക്ഷാഫോറവും കൂടുതൽ വിവരങ്ങളും പന്തളം പോസ്റ്റാഫീസിനു സമീപമുള്ള കോർപറേഷന്റെ ജില്ലാ ഓഫീസിൽ ലഭിക്കും. (പിഎൻപി 1892/18)

## തൊഴിൽ രഹിത വേതന വിതരണം

വള്ളിക്കോട് ഗ്രാമപഞ്ചായത്തിലെ തൊഴിൽ രഹിതവേതന വിതരണം ഈ മാസം 18, 19 തീയതികളിൽ രാവിലെ 11 മുതൽ ഉച്ചയ്ക്ക് ശേഷം മൂന്ന് വരെ പഞ്ചായത്താഫീസിൽ നടക്കും. ഗുണഭോക്താക്കൾ എംപ്ലോയ്മെന്റ് കാർഡ്, റേഷൻ കാർഡ്, എസ്എസ്എൽസി ബുക്ക്, റ്റി.സി എന്നിവയുടെ അസൽ സഹിതം ഹാജരായി വേതനം കൈപ്പറ്റണം. തൊഴിലുറപ്പ് ആനുകൂല്യങ്ങൾ കൈപ്പറ്റുന്നവർക്കും മറ്റ് വ്യക്തിഗത ക്ഷേമപെൻഷനുകൾ കൈപ്പറ്റുന്നവർക്കും തൊഴിൽരഹിത വേതനത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(പിഎൻപി 1893/18)

## ജില്ലാ വികസന സമിതിയോഗം

ജില്ലാ വികസന സമിതിയോഗം ഈ മാസം 28ന് രാവിലെ 11ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും. അന്നേ ദിവസം രാവിലെ 10.30ന് കൂടുന്ന പ്രീ-ഡിഡിസി യോഗത്തിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പങ്കെടുക്കണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

(പിഎൻപി 1894/18)

## കൊടുമൺ മാർക്കറ്റിന്റെ ഉദ്ഘാടനം ഇന്ന് (13)

കൊടുമൺ മാർക്കറ്റിന്റേയും സാംസ്കാരിക നിലയത്തിന്റേയും ഉദ്ഘാടനം ഇന്ന് (13) രാവിലെ ഒൻപതിന് മന്ത്രി കെ.ടി ജലീൽ നിർവഹിക്കും. (പിഎൻപി 1895/18)

## ലഹരിവിരുദ്ധ സെമിനാർ നടത്തി

ജില്ലാ മെഡിക്കൽ ഓഫീസിന്റെയും തുമ്പമൺ നോർത്ത് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ ലഹരിവിരുദ്ധ ക്ലബിന്റെയും സംയുക്താഭിമുഖ്യത്തിൽ ഹൈസ്കൂൾ വിദ്യാർഥികൾക്കായി ലഹരിവിരുദ്ധ സെമിനാറും, ഹ്രസ്വചിത്രപ്രദർശനവും നടത്തി. സ്കൂൾ പ്രിൻസിപ്പാൾ ശാന്തകുമാരി ഉദ്ഘാടനം ചെയ്തു. ലഹരിവിരുദ്ധ ക്ലബ് കൺവീനർ ഷാജി തോമസ് അധ്യക്ഷത വഹിച്ചു. ജില്ലാ മെഡിക്കൽ ഓഫീസിലെ മാസ് മീഡിയാവിഭാഗം സെമിനാറിനും ഹ്രസ്വചിത്ര പ്രദർശനത്തിനും നേതൃത്വം നൽകി.

(പിഎൻപി 1896/18)

## സൗരോർജ വൈദ്യുത ഉത്പാദനം 1000 മെഗാവാട്ടായി വർധിപ്പിക്കും- മന്ത്രി എം.എം.മണി

സംസ്ഥാനത്തെ ഊർജപ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന് സൗരോർജത്തിൽ നിന്നുള്ള വൈദ്യുതി ഉത്പാദനം 1000 മെഗാവാട്ടായി വർധിപ്പിക്കാൻ നടപടി സ്വീകരിക്കുമെന്ന് വൈദ്യുതി മന്ത്രി എം.എം.മണി പറഞ്ഞു. പെരുന്തേനരുവി ജലവൈദ്യുതി പദ്ധതിയോടനുബന്ധിച്ച് നിർമാണം പൂർത്തിയാക്കിയ 33 കെ.വി സബ്സ്റ്റേഷന്റെ ഉദ്ഘാടനം പെരുന്തേനരുവി പവർഹൗസ് അങ്കണത്തിൽ നിർവഹിക്കുകയായിരുന്നു മന്ത്രി. ജലവൈദ്യുത ഉത്പാദനത്തിലെ പ്രതിസന്ധികൾ പരിഗണിച്ചാണ് മറ്റ് ഊർജസ്രോതസ്സുകൾ തേടുന്നത്. ആവശ്യമുള്ളതിന്റെ 30 ശതമാനം വൈദ്യുതി മാത്രമാണ് ഇപ്പോൾ ഉത്പാദിപ്പിക്കുന്നത്. വൻകിട ജലവൈദ്യുത പദ്ധതികൾ സംസ്ഥാനത്തിന്റെ സാഹചര്യത്തിൽ നടപ്പാക്കാൻ ബുദ്ധിമുട്ടുകളുണ്ട്. ചെറുകിട ജലവൈദ്യുത പദ്ധതികളാണ് ഇപ്പോൾ ഫലപ്രദമായി

പൂർത്തീകരിച്ചുവരുന്നത്. ഇത്തരം പദ്ധതികളിൽ നിന്നും വളരെ കുറച്ച് വൈദ്യുതി മാത്രമേ ലഭിക്കൂ. ഈ സാഹചര്യത്തിലാണ് വൈദ്യുതി ബോർഡ് പുതിയ ഊർജ ഉത്പാദന മാർഗങ്ങൾ തേടുന്നത്. ഊർജമിഷന്റെ പ്രധാന ദൗത്യം പുതിയ ഊർജനിർമാണ സങ്കേതങ്ങൾ കണ്ടെത്തുകയാണെന്നും മന്ത്രി പറഞ്ഞു. ജലവൈദ്യുത പദ്ധതികൾക്ക് ചെലവ് കുറവാണ്. എന്നാൽ മറ്റ് വൈദ്യുത പദ്ധതികൾക്ക് വൻ മുതൽമുടക്കാണ് ആവശ്യമുള്ളത്. സൗരോർജ വൈദ്യുതിയും താരതമ്യേന ചെലവ് കുറഞ്ഞതാണ്. ഈ സാഹചര്യത്തിലാണ് സോളാർ പദ്ധതികൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നത്. സ്വകാര്യ കെട്ടിടങ്ങളിൽ അനർട്ടിന്റെ സഹായത്തോടെ സോളാർ പാനൽ സ്ഥാപിച്ച് 1000 മെഗാവാട്ട് വൈദ്യുതിയെങ്കിലും ഉത്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നതെന്നും മന്ത്രി പറഞ്ഞു.

രാജുഎബ്രഹാം എംഎൽഎ അധ്യക്ഷത വഹിച്ച ചടങ്ങിൽ റാന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഗിരിജ മധു, കെഎസ്ഇബി ഡയറക്ടർ ഡി.കുമാരൻ, നാറാണംമൂഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മോഹൻരാജ് ജേക്കബ്, ജില്ലാ പഞ്ചായത്തംഗം പി.വി.വർഗീസ്, ബ്ലോക്ക് പഞ്ചായത്തംഗം മിനു എബ്രഹാം, ചീഫ് എൻജിനീയർ സിജി ജോസ്, എക്സിക്യൂട്ടീവ് എൻജിനീയർ കെ.സുരേഷ്, പി.ആർ.പ്രസാദ്, സമദ് മേപ്രത്ത്, ആദിച്ചൻ ആറൊന്നിൽ, അഡ്വ.ഷൈൻ ജി.കുറുപ്പ്, സജി ഇടിക്കുള, രാജേഷ് ആനമാടം തുടങ്ങിയവർ പങ്കെടുത്തു.

വൈദ്യുതി വിതരരണ രംഗം കാര്യക്ഷമമാക്കുന്നതിന് കൂടുതൽ സബ് സ്റ്റേഷനുകളും ലൈനുകളും സ്ഥാപിച്ച് വൈദ്യുതി പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായാണ് വൈദ്യുതി ബോർഡ് ആറ് മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള പെരുന്തേനരുവി ജലവൈദ്യുതി പദ്ധതി സ്ഥാപിച്ചത്. ഈ പദ്ധതിയോടനുബന്ധിച്ചാണ് പുതിയ 33 കെ.വി. സബ് സ്റ്റേഷൻ നിർമിച്ചിട്ടുള്ളത്. പെരുന്തേനരുവിയിൽ ഉത്പാദിപ്പിക്കുന്ന വൈദ്യുതി സമീപ പ്രദേശങ്ങളിൽതന്നെ വിതരണം നടത്തിയാൽ ഈ പ്രദേശങ്ങളിൽ തടസരഹിതമായി വൈദ്യുതി വിതരണം നടത്താമെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിലാണ് 33 കെ.വി. സബ്സ്റ്റേഷൻ നിർമിച്ചിട്ടുള്ളത്. ഒരു കോടി 60 ലക്ഷം രൂപ അടങ്കൽ തുകയുള്ള ഈ സബ്സ്റ്റേഷൻ കേന്ദ്രാവിഷ്കൃത പദ്ധതിയായ ഡിഡിയുജിജെവൈ പദ്ധതിയിൽപ്പെടുത്തിയാണ് നിർമിച്ചിട്ടുള്ളത്. പെരുന്തേനരുവി ജലവൈദ്യുതി പദ്ധതിയോട് ചേർന്ന് സ്ഥാപിച്ചിട്ടുള്ളതിനാൽ പുതിയ ജീവനക്കാരോ തസ്തികകളോ ഈ സബ് സ്റ്റേഷന് ആവശ്യമില്ല.

പദ്ധതിയുടെ സമീപപ്രദേശങ്ങളായ നാറാണംമൂഴി, വെച്ചൂച്ചിറ, റാന്നി-പെരുനാട് പഞ്ചായത്തുകളിൽ നിലവിൽ വൈദ്യുതി ലഭിക്കുന്നത് റാന്നി, റാന്നി-പെരുനാട് സബ് സ്റ്റേഷനുകളിൽ നിന്നുള്ള ദൈർഘ്യമേറിയ 11 കെ.വി ഫീഡറുകളിലൂടെയാണ്. വന ഭൂമിയി ലൂടെയും തോട്ടങ്ങളിലൂടെയും കടന്നുവരുന്ന ഈ ഫീഡറുകളിൽ വൈദ്യുതി തടസവും വോ ൾട്ടേജ് ക്ഷാമവും പതിവാണ്. പെരുന്തേരുവിയിലെ പുതിയ 33 കെ.വി സബ് സ്റ്റേഷൻ പ്രവ ത്തനം തുടങ്ങുന്നതോടെ ഈ പ്രശ്നങ്ങൾക്ക് പരിഹാരമാകും. പെരുന്തേനുവി ജലവൈദ്യുതി പദ്ധതിയിൽ ഉത്പാദിപ്പിക്കുന്ന വൈദ്യുതി 33 കെ.വി നിലവാരത്തിലേക്ക് ഉയർത്തിയ ശേഷം റാന്നി 110 കെ.വി സബ്സ്റ്റേഷനിലേക്കും റാന്നി-പെരുനാട് 33 കെ.വി സബ് സ്റ്റേഷനിലേക്കും പ്രസരണം നടത്തും. പുതിയ സബ്സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതോടെ ഇവിടെ സ്ഥാപിച്ചിട്ടുള്ള അഞ്ച് എംവിഎ ശേഷിയുള്ള ട്രാൻസ്ഫോർമറിൽ നിന്നും മൂന്ന് 11 കെ.വി ഫീഡറുകളിലൂടെ സമീപ പ്രദേശങ്ങളിൽ വൈദ്യുതി വിതരണം നടത്താൻ കഴിയും.

(പിഎൻപി 1897/18)

## അവലോകന യോഗം ഇന്ന് (13)

ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിതുക വിനിയോഗവുമായി ബന്ധപ്പെട്ട അവലോകന യോഗം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി കെ.ടി.ജലീലിന്റെ അധ്യക്ഷതയിൽ തിരുവല്ല ബോധനയിൽ ഇന്ന് (13) ഉച്ചയ്ക്ക് ശേഷം രണ്ടിന് നടക്കും.

(പിഎന്‍പി 1898/18)

## സപ്പോര്‍ട്ട് എഞ്ചിനീയര്‍ ഒഴിവ്

പട്ടികവര്‍ഗ വികസന വകുപ്പിന്റെ നിലമ്പൂര്‍, കാസര്‍ഗോഡ് ഓഫീസുകളില്‍ നിലവിലുള്ള താല്‍ക്കാലിക ഒഴിവുകളിലേക്കും തുടര്‍ന്നു ഒഴിവുവരുന്ന മറ്റ് ജില്ലാ ഓഫീസുകളിലേക്കും സപ്പോര്‍ട്ട് എഞ്ചിനീയറായി കരാര്‍ വ്യവസ്ഥയില്‍ നിയമിക്കുന്നതിന് ബി.ടെക്/എം.സി.എ/എം.എസ്സ്.സി.(കംപ്യൂട്ടര്‍സയന്‍സ്)/ബി.ഇ.(കംപ്യൂട്ടര്‍സയന്‍സ്) എന്നിവയിലേതെങ്കിലും പാസായ പട്ടികവര്‍ഗ്ഗത്തില്‍പ്പെടുന്ന ഉദ്യോഗാര്‍ത്ഥികളില്‍ നിന്നും അപേക്ഷ ക്ഷണിച്ചു. പ്രതിമാസം 16500 രൂപ ലഭിക്കും. ഉദ്യോഗാര്‍ത്ഥികള്‍ വിദ്യാഭ്യാസയോഗ്യത, വയസ്, ജാതി എന്നിവ തെളിയിക്കുന്ന സര്‍ട്ടിഫിക്കറ്റുകളുടെ പകര്‍പ്പോടുകൂടിയ അപേക്ഷ സൈബര്‍ശ്രീ, സി-ഡിറ്റ്, പൂര്‍ണ്ണിമ, T.C.81/2964, ഹോസ്പിറ്റല്‍ റോഡ്, തൈക്കാട് പി.ഒ., തിരുവനന്തപുരം-695014 എന്ന വിലാസത്തില്‍ ഈ മാസം 20ന് മുമ്പ് ലഭിക്കത്തക്കവിധം അയയ്ക്കണം. അപേക്ഷകള്‍ cybersric-dit@gmail.com എന്ന ഇ-മെയില്‍ വിലാസത്തിലും അയയ്ക്കാം. അപേക്ഷാ ഫോറം www.cybersri.org എന്ന വെബ്സൈറ്റില്‍ ലഭ്യമാണ്. ഫോണ്‍: 9895478273.

(പിഎന്‍പി 1899/18)

## പനി: 445 പേര്‍ ചികിത്സ തേടി

ജില്ലയില്‍ പനി ബാധിച്ച് ഇന്നലെ (12) 445 പേര്‍ വിവിധ ആശുപത്രികളില്‍ ചികിത്സ തേടിയതായി ജില്ലാ മെഡിക്കല്‍ ഓഫീസര്‍ അറിയിച്ചു. ഡെങ്കിപ്പനി ലക്ഷണങ്ങളോടെ ചികിത്സ തേടിയ ആറ് പേരില്‍ റാന്നിയില്‍ ഒരാള്‍ക്ക് ഡെങ്കിപ്പനി സ്ഥിരീകരിച്ചു. 15 പേര്‍ക്ക് ചിക്കന്‍പോക്സും സ്ഥിരീകരിച്ചു. വയറിളക്കരോഗങ്ങള്‍ക്ക് 49 പേര്‍ ചികിത്സ തേടി.

(പിഎന്‍പി 1900/18)

## പോക്സോ കേസുകളില്‍ അലംഭാവം ഉണ്ടാകരുത് – ജില്ലാ കളക്ടര്‍

കുട്ടികള്‍ക്കെതിരെയുള്ള ലൈംഗിക അതിക്രമം തടയുന്നതിനുള്ള പോക്സോ കേസുകളില്‍ അലംഭാവം ഉണ്ടാകരുതെന്ന് ജില്ലാ കളക്ടര്‍ പി.ബി നൂഹ്. ജില്ലയില്‍ ബാലാവകാശ സംരക്ഷണ കമ്മിഷന്‍ സ്കൂള്‍ കൗണ്‍സിലേഴ്സിന് വേണ്ടി കളക്ടറേറ്റ് കോണ്‍ഫറന്‍സ് ഹാളില്‍ സംഘടിപ്പിച്ചപരിശീലന ശില്‍പശാലയില്‍ സംസാരിക്കുകയായിരുന്നു അദ്ദേഹം. കുട്ടികള്‍ക്ക് നേരെയുള്ള അതിക്രമങ്ങള്‍ നാള്‍ക്കുനാള്‍ വര്‍ദ്ധിച്ച് വരികയാണ്. രക്ഷിതാക്കള്‍ പോലും കുട്ടികളെ ചൂഷണം ചെയ്യുന്ന സാഹചര്യമാണ് ഇന്നുള്ളത്. ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങള്‍ റിപ്പോര്‍ട്ട് ചെയ്യാനുള്ള ആര്‍ജവം സ്കൂള്‍ കൗണ്‍സിലേഴ്സ് കാണിക്കണം. പരിഹാരപ്രവര്‍ത്തനങ്ങള്‍ കാര്യക്ഷമമായി നടത്തുന്നതോടൊപ്പം പ്രശ്നസാധ്യതകള്‍ കൂടി കണ്ടെത്തി ഭാവിയില്‍ ഇത്തരത്തിലുള്ള പ്രശ്നങ്ങള്‍ ഇല്ലാതാക്കുന്നതിനുള്ള മാര്‍ഗങ്ങള്‍ കണ്ടെത്തണമെന്നും അദ്ദേഹം പറഞ്ഞു. ആസൂത്രിതവും ബുദ്ധിപരവുമായി ഇടപെടലുകള്‍ നടത്താനും കൗണ്‍സിലര്‍മാര്‍ക്ക് കഴിയണം. ലഹരിപദാര്‍ത്ഥങ്ങളുടെ ഉപയോഗങ്ങള്‍ക്കെതിരെ ജില്ലാ ഭരണകൂടം ശക്തമായ നടപടികളെടുക്കുമെന്നും അദ്ദേഹം പറഞ്ഞു. കേരള ബാലാവകാശ സംരക്ഷണകമ്മിഷന്‍ മെംബര്‍ സിസ്റ്റര്‍ ബിജി ജോസ്, ചൈല്‍ഡ് വെല്‍ഫയര്‍ കമ്മറ്റി ചെയര്‍പേഴ്സണ്‍ സൂസമ്മ മാത്യു, പത്തനംതിട്ട ഡിവൈഎസ്പി എ.സന്തോഷ്കുമാര്‍, ജില്ലാ ചൈല്‍ഡ് പ്രൊട്ടക്ഷന്‍ ഓഫീസര്‍ അബീന്‍, ജുവനൈല്‍ ജസ്റ്റിസ് മെംബര്‍ എസ്. ദീപ, ഐസിഡിഎസ് പ്രൊജക്ട് ഓഫീസര്‍ അജീഷ് കുമാര്‍, ഡി.ഇ.ഒ പി.എ ശാന്തമ്മ തുടങ്ങിയവര്‍ പങ്കെടുത്തു.

(പി എന്‍പി 1901/18)

## റോഡ് ഉദ്ഘാടനം ഇന്ന് (13)

ചെന്നീർക്കര ഗ്രാമപഞ്ചായത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം നിർമാണം പൂർത്തീകരിച്ച പന്നിക്കുഴി, മുട്ടത്തുകോണം റോഡിന്റെ ഉദ്ഘാടനം ഇന്ന് (13) വൈകിട്ട് 4ന് മുട്ടത്തുകോണം എസ്എൻഡിപി ഹൈസ്കൂൾ ജംഗ്ഷനിൽ ആന്റോ ആന്റണി എംപി നിർവഹിക്കും. വീണാ ജോർജ്ജ് എംഎൽഎ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണ്ണാദേവി മുഖ്യപ്രഭാഷണം നടത്തും. ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം.ബി സത്യൻ, ചെന്നീർക്കര പഞ്ചായത്ത് പ്രസിഡന്റ് കലാ അജിത്ത്, വൈസ് പ്രസിഡന്റ് ജെയിംസ് കെ സാം, വിവിധ തദ്ദേശഭരണ ഭാരവാഹികൾ, രാഷ്ട്രീയകക്ഷി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും. (പിഎൻപി 1902/18)

## കുഞ്ഞുങ്ങൾക്കുണ്ടാകുന്ന വയറിളക്കം: ജാഗ്രത പാലിക്കണം

മഴക്കാലത്ത് കൂടുതലായി കണ്ടുവരുന്ന വയറിളക്ക രോഗങ്ങൾക്കെതിരെ ജാഗ്രത പാലിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. അഞ്ച് വയസിന് താഴെയുള്ള കുട്ടികളിലാണ് ഇത് കൂടുതലായി കാണപ്പെടുന്നത്. ശരീരത്തിലെ ജലവും ലവണങ്ങളും നഷ്ടപ്പെട്ട് നിർജലീകരണം സംഭവിക്കുന്നത് ഗുരുതരമാകാം. മലിനമായ ജലത്തിലൂടെയും ആഹാരത്തിലൂടെയുമാണ് വയറിളക്കത്തിന്റെ രോഗാണുക്കൾ ശരീരത്തിൽ പ്രവേശിക്കുന്നത്. കുടിക്കുവാൻ തിളപ്പിച്ചാറിയ ജലം മാത്രം ഉപയോഗിക്കുക, ആഹാര സാധനങ്ങൾ ഭംഗിയായി അടച്ചുസൂക്ഷിക്കുക, കുടിവെള്ള സ്രോതസ്സുകൾ ക്ലോറിനേറ്റ് ചെയ്യുക തുടങ്ങിയ മുൻകരുതലുകൾ സ്വീകരിക്കണം. സർക്കാർ ആശുപത്രികളിലും സബ്സെന്ററുകളിലും സൗജന്യമായി ലഭിക്കുന്ന ഒആർഎസ് പൗഡറിന്റെ ഉപയോഗം നിർജലീകരണം തടയും. ഒആർഇസ് മിശ്രിതം ലഭ്യമല്ലെങ്കിൽ ഉപ്പ് ചേർത്ത കഞ്ഞിവെള്ളം, ഉപ്പും പഞ്ചസാരയും ചേർന്ന നാരങ്ങാവെള്ളം, ഉപ്പിട്ട മോരുംവെള്ളം, കരിക്കിൻവെള്ളം തുടങ്ങിയവയും ഉപയോഗിക്കാം. പാനീയം നൽകുന്നതോടൊപ്പം എളുപ്പം ദഹിക്കാവുന്ന ആഹാരവും നൽകണം. നിർജലീകരണം കുറയുന്നില്ലെങ്കിൽ രോഗിയെ ഉടൻ ആശുപത്രിയിൽ എത്തിക്കണം. (പിഎൻപി 1903/18)

## ഫോട്ടോ അടിക്കുറിപ്പ്

1) ബാലാവകാശ സംരക്ഷണ കമ്മീഷൻ സ്കൂൾ കൗൺസിലേഴ്സിന് വേണ്ടി കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ചപരിശീലന ശിൽപശാലയിൽ ജില്ലാ കളക്ടർ പി.ബി നൂഹ് സംസാരിക്കുന്നു.
2) പെരുന്തേനരുവി ജലവൈദ്യുതി പദ്ധതിയോടനുബന്ധിച്ച് നിർമാണം പൂർത്തിയാക്കിയ 33 കെ.വി സബ്സ്റ്റേഷന്റെ ഉദ്ഘാടനം പെരുന്തേനരുവി പവർഹൗസ് അങ്കണത്തിൽ വൈദ്യുതി മന്ത്രി എം.എം.മണി നിർവഹിക്കുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

(അവസാനിച്ചു)

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്